**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 281** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ചിരുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രസക്ത ശിപാർശകൾ വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 05/11/2020-ലെ സ.ഉ.(എം.എസ്)നം.214/ 2020/ആഭ്യന്തരം ഉത്തരവ് പ്രകാരം നിയമിച്ച ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ, കുട്ടനാട്ടിലേയും മലയോര പ്രദേശങ്ങളിലേയും, തീരദേശ മേഖലയിലേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും ഉൾക്കൊണ്ടുകൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും, വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്ന പരിഹാരങ്ങൾക്കുമുള്ള ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8 ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും, ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാനായി 284 ശിപാർശകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിവിധ വകുപ്പുകൾ മുഖേന നടപടി സ്വീകരിയ്ക്കേണ്ട മേൽ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും സെക്രട്ടറിമാരുടെ യോഗം വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജസ്റ്റിസ് ശ്രീ.ജെ.ബി.കോശി കമ്മീഷൻ |

| | | | |
|---|---|---|---|
| | | | ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സ.ഉ.(സാധാ)നം.993/2024/പൊ.ഭ.വ. നമ്പരായി 02.03.2024 തീയതിയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ ശിപാർശയിൻമേലും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളും കമ്മിറ്റി പരിശോധിച്ചു തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ശിപാർശകൾ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ ക്ഷേമത്തിന് എത്രത്തോളം സഹായകമാണ്; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 05/11/2020-ലെ സ.ഉ.(എം.എസ്)നം.214/2020/ആഭ്യന്തരം ഉത്തരവ് പ്രകാരം നിയമിച്ച ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ, കുട്ടനാട്ടിലേയും മലയോര പ്രദേശങ്ങളിലേയും, തീരദേശ മേഖലയിലേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും ഉൾക്കൊണ്ടുകൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും, വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്ന പരിഹാരങ്ങൾക്കുമുള്ള ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8 ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും, ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാനായി 284 ശിപാർശകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>വിവിധ വകുപ്പുകൾ മുഖേന നടപടി സ്വീകരിക്കേണ്ട മേൽ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും സെക്രട്ടറിമാരുടെ യോഗം വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജസ്റ്റിസ് ശ്രീ.ജെ.ബി.കോശി കമ്മീഷൻ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ)നം.993/2024/പൊ.ഭ.വ. നമ്പരായി 02.03.2024 തീയതിയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ ശിപാർശയിൻമേലും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളും കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ